റൂൾ–30 പാർട്ട്—1 കെ. എസ്. ആർ. പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്നതിന് നിവേദനം

1252 [2007] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ 'പേ ഫിക്സേഷൻ' കാര്യങ്ങളിൽ തെറ്റു പറ്റിപ്പോയാൽ ഓപ്ഷൻ റിവൈസ് ചെയ്യുന്നതിന് നൽകിയിട്ടുള്ള റൂൾ–30 പാർട്ട്—1 കെ. എസ്. ആർ. പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്നതിന് ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതു നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു നൽകാവുന്നതാണോ എന്ന കാര്യം പരിശോധിക്കുന്നതിന് നടപടി ആരംഭിച്ചു കഴിഞ്ഞു.

പെൻഷൻ പ്രായം

1253 [2009] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ഇടയിൽ പെൻഷൻ പ്രായത്തിൽ ഒരു ഏകീകരണം ആവശ്യമായതിനാൽ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം കണക്കിലെടുത്തുകൊണ്ടു അത്തരമൊരു നടപടി എടുക്കാൻ തൽക്കാലം ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

സ്റ്റേറ്റ് കാറുകൾ പ്രൈവറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നതായി ആക്ഷേപം

1254 [2011] ശ്രീ. പി. ബാലൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ സ്റ്റേറ്റ് 40-ാംനമ്പർ കാർ ഇപ്പോൾ ആരുടെ ഉപയോഗത്തിനാണ് വിട്ടുകൊടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly